**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1197** 10/08/2017 -ൽ മറുപടിയ്ക്ക്

**പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017-18 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കുട്ടികളാണ് കൂടുതലായി പ്രവേശനം നേടിയത്; | (എ) 2017-18 അധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സിൽ 12,198 കുട്ടികൾ മുൻ വർഷത്തേക്കാൾ കൂടുതലായി പ്രവേ ശനം നേടിയിട്ടുണ്ട്. കൂടാതെ 2 മുതൽ 10 വരെ ക്ലാസ്സുകളിൽ താഴ്ന്ന ക്ലാസ്സുകളിൽ (1 മുതൽ 9 വരെ) നിന്ന് സ്വാഭാവികമായി അടുത്ത ഉയർന്ന ക്ലാസ്സുകളിലേയ്ക്ക് പ്രമോട്ട് ചെയ്തുവന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനു പുറമേ 1,44,367 വിദ്യാർത്ഥികൾ കൂടുതലായി പ്രവേശനം നേടിയതായി കണക്കാക്കി യിട്ടുണ്ട്. |
| (ബി) എത്ര സ്കൂളുകളിലായിട്ടാണ് ഈ വർദ്ധനവ് പ്രകടമായിട്ടുള്ളത്; | (ബി) 11,915 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 5,397 സ്കൂളുകളിലാ യാണ് ഈ വർദ്ധനവ് പ്രകടമാ യിട്ടുള്ളത്. |
| (സി) തുടർന്നുള്ള വർഷങ്ങളിലും കൂടുതൽ വർദ്ധനവ് വരുത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടു ണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (സി) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരങ്ങൾ നിർ ദ്ദേശിക്കുന്നതിനുമായി ഒരു പഠനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭം കുറിച്ചിട്ടുണ്ട്. കൂടാതെ 45,000 ക്ലാസ്സ്മുറികൾ സ്മാർട്ടാക്കുക, മുഴുവൻ വിദ്യാർത്ഥികളെയും മുന്നിൽ എത്തിക്കാനുള്ള പരിഹാരപഠന ബോധന പരിപാടി-ശ്രദ്ധ, 1,000 സർക്കാർ സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തി ലേയ്ക്ക് എത്തിയ്ക്കുക, എല്ലാ സ്കൂളുകളെയും കൂട്ടിയിണക്കുന്ന ബ്രോഡ്ബാന്റ് കണക്ഷൻ, 1 ലക്ഷം കുട്ടികളുടെ 'ഹൈസ്കൂൾ കുട്ടിക്കൂട്ടം' കൂട്ടായ്മ, 'സ്കൂൾ വിക്കി'-സ്കൂൾ വിവരങ്ങൾ വിരൽത്തു മ്പിൽ തുടങ്ങി വിവിധ പരിപാടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ജനകീയ കൂട്ടായ്മയിലൂടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ